പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 189

23.01.2014 ൽ
മറുപടിയ്ക്ക്

യുവസംരംഭകർക്കായി പ്രഖ്യാപിച്ച വ്യവസായ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ ;<br>ശ്രീ. മാത്യു റ്റി. തോമസ് ;<br>ശ്രീമതി ജമീലാ പ്രകാശം ;<br>ശ്രീ. സി. കെ. നാണു ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) യുവസംരംഭകർക്കായി പ്രഖ്യാപിച്ച വ്യവസായ പദ്ധതി നടപ്പിലാകാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ ;<br><br>ബി) അഞ്ഞൂറ് കോടി രൂപ വീതം ഓരോ വർഷവും ഇതിനായി നീക്കിവയ്ക്കുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം ഇക്കാര്യത്തിൽ യാഥാർത്ഥ്യമായിട്ടുണ്ടോ ;<br><br>സി) സ്റ്റാർട്ട്-അപ് വില്ലേജുകൾ എന്ന പ്രഖ്യാപനത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എന്തെന്ന് വ്യക്തമാക്കുമോ ? | (എ), (ബി), (സി)<br><br>ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചത് യുവ സംരംഭകർക്കുള്ള ഒരു നയമാണ്. ഈ നയത്തിന്റെ ഭാഗമായി വാർഷിക ബഡ്ജറ്റിൽ ഒരു ശതമാനം വരെ തുക യുവ സംരംഭക പദ്ധതികൾക്കായി നീക്കിവയ്ക്കാൻ സർക്കാർ സന്നദ്ധമാണെന്നുള്ള പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളത്. വരും വർഷങ്ങളിൽ ഈ നയമനുസരിച്ച് വിവിധ വകുപ്പുകളിലായി പദ്ധതി രൂപീകരിച്ച് നടപ്പാക്കുന്നതാണ്.<br><br>ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഒരു സംസ്ഥാനം യുവസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു നയത്തിന് രൂപം നൽകിയിരിക്കുന്നത്. എല്ലാ വർഷവും സെപ്റ്റംബർ മാസം 12-ാം തീയതി സംരംഭകത്വ ദിനമായി ആചരിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. സ്റ്റുഡന്റ് എന്റർപ്രണർഷിപ്പ് പോളിസി പ്രകാരം നൂതന സംരംഭം തുടങ്ങുന്ന കോളേജ് വിദ്യാർത്ഥികൾക്ക് 4% വരെ മാർക്കും 20% വരെ ഹാജരും ലഭിക്കുന്നു. യുവാക്കളായ സംരംഭകർക്ക് അവരുടെ നൂതന ആശയങ്ങൾ വിപുലീകരിച്ച് അതിനെ വ്യവസായ വത്കരിക്കുന്നതിനാവശ്യമായ സഹായം ടെക്നോളജി ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ മുഖേന ചെയ്തു കൊടുക്കുന്നു. സംരംഭകർക്ക് നിക്ഷേപകരെ കണ്ടു പിടിക്കുന്നതിനും ഏയ്ഞ്ചൽ ഫണ്ടിങ്, സീഡ് ഫണ്ടിങ്, വെഞ്ച്വർ ക്യാപിറ്റൽ തുടങ്ങിയ ഉറവിടങ്ങളിലൂടെ |

ധനസഹായം ലഭ്യമാക്കുന്നതിനും സ്റ്റാർട്ടപ്പ് വില്ലേജ് അവസരമൊരുക്കുന്നു. യുവാക്കൾക്ക് ചർച്ചകളും ഗവേഷണവും നടത്തുന്നതിന് കോൺഫറൻസ് ഹാൾ, ലാബ് സൗകര്യങ്ങൾ എന്നിവ ഒരുക്കിക്കൊടുക്കുന്നു. കൂടാതെ അവർക്ക് വിദഗ്ധരായ ആളുകളുടെ ഉപദേശവും ലഭ്യമാക്കുന്നു. സ്റ്റാർട്ട് അപ്പ് വില്ലേജിനെ സമീപിക്കുന്ന യുവാക്കളായ സംരംഭകർക്ക് കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനും, മറ്റ് അക്കൗണ്ടിങ്/ നിയമ സേവനങ്ങൾക്കും സ്റ്റാർട്ട് അപ്പ് വില്ലേജിൽ എംപാനൽഡ് ആയിട്ടുള്ള സേവന ദാതാക്കളുടെ സേവനം ലഭ്യമാക്കുന്നുണ്ട്. ഇത്തരം സേവനങ്ങൾ ടെക്നോപാർക്ക് TBIC-യിലും ലഭ്യമാണ്.

സ്റ്റാർട്ട് അപ്പ് വില്ലേജ് ഒരു സ്വകാര്യ - പൊതു പങ്കാളിത്തത്തോടെയുള്ള ഒരു ടെലികോം ടെക്നോളജി ബിസിനസ്സ് ഇൻക്യുബേറ്റർ ആണ്. 'മോബ് മി' എന്ന സ്വകാര്യ കമ്പനിയാണ് ഇത് നടത്തുന്നത്. ഇവരുടെ വിജയകരമായ പ്രവർത്തനം മൂലം മറ്റ് സാങ്കേതിക മേഖലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുന്നതിന് കളമശ്ശേരിയിൽ കിൻഫ്ര ഹൈടെക് പാർക്കിന്റെ 13.2 ഏക്കർ സ്ഥലത്ത് കേരള ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കുവാൻ തീരുമാനമായിട്ടുണ്ട്. ഈ സോണിൽ സ്റ്റാർട്ട് അപ്പ് വില്ലേജ് കൂടാതെ ഇലക്ട്രോണിക്സ്, നാനോ ടെക്നോളജി, ബയോ ടെക്നോളജി, ആനിമേഷൻ, ഗെയിമിംഗ്, കൃഷി തുടങ്ങിയ മറ്റ് സാങ്കേതിക ശാഖകളിൽ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കൂടുതൽ TBIC കൾ തുടങ്ങുവാൻ പദ്ധതിയുണ്ട്. ടെക്നോപാർക്ക് TBIC ആയിരിക്കും ഈ സോൺ വികസിപ്പിക്കുക. കോളേജുകളിൽ സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിനായി ഒരു 'സ്റ്റാർട്ട് അപ് ബൂട്ട്ക്യാംപ്' സംഘടിപ്പിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഇതിന്റെ ഉദ്ഘാടനം 2014 ജനുവരി മാസം 15-ാം തീയതി ടെക്നോപാർക്ക് TBIC യിൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇവ മുഖേന സംരംഭകത്വത്തെയും നൂതന ആശയങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന് കഴിയുന്നതാണ്. 'സ്റ്റാർട്ട് അപ് ബോക്സ് കാംപയിൻ' മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ കമ്പനികൾ ആരംഭിക്കുന്നതിന് സഹായകമായി 100 സ്റ്റാർട്ട്

അപ് കിറ്റുകൾ വിതരണം ചെയ്യാൻ പദ്ധതിയിട്ടിട്ടുണ്ട്. വിദ്യാർത്ഥികളുടെ വിജ്ഞാനതൃഷ്ണയും സംരംഭകത്വവും ഒരു നിശ്ചിത ധാരയിലേയ്ക്ക് കൊണ്ടുവന്ന്, അത് തുടരുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് 'സ്റ്റാർട്ട് അപ് ബൂട്ട് കാംപ് ജൂനിയർ' എന്ന പദ്ധതിയിലൂടെ 10000 സ്കൂൾ വിദ്യാർത്ഥികൾക്ക് "റാസ്പ്ബറിപൈ" വിതരണം ചെയ്യാനും അവർക്ക് പരിശീലനംനൽകുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദേശരാജ്യങ്ങളിലെ പ്രഗത്ഭരായ അദ്ധ്യാപകരോട് സംവദിക്കുന്നതിനും അവരിൽ നിന്നും വിജ്ഞാനം സമ്പാദിക്കുന്നതും ലക്ഷ്യമിട്ടുകൊണ്ട് അന്തർദേശീയതലത്തിൽ ഉന്നത നിലവാരത്തിലുള്ള യൂണിവേഴ്സിറ്റികളുമായി ധാരണയിലെത്തുന്നതിനും ശ്രമിക്കും. ആഗോള നിലവാരമുള്ള സംരംഭകത്വ വിനിമയ പദ്ധതി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ അന്തർദേശീയതലത്തിൽ ഉന്നത നിലവാരമുള്ള സ്ഥലങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നതിനും ഉദ്ദേശിക്കുന്നു. 'സിലിക്കൺ വാലി' യിലേയ്ക്കുള്ള ഇതിന്റെ ഒന്നാംഘട്ടം വിജയകരമായി പൂർത്തിയാക്കി. കൂടാതെ, വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി `ഫാബ്ലാബ്' രൂപീകരിക്കുന്നതിനും പദ്ധതിയിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ